"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ആലപ്പുഴ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.വിഷ്ണു മോഹൻ ദേവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1120/2023 നമ്പർ കേസിന്റെ 27.06.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2025/2023/LSGD തീയതി,തിരുവനന്തപുരം, 13-10-2023

പരാമർശം:-
1. ഗ്രാമവികസന കമ്മീഷണറുടെ 06.05.2023 തീയതിയിലെ എൽ.എസ്.ജി.ഡി/പിഡി/15081/2023-വിജ്.ബി6നമ്പർ ഉത്തരവ്
2. ശ്രീ.വിഷ്ണു മോഹൻ ദേവ് 10.05.2023-ൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ശ്രീ.വിഷ്ണു മോഹൻ ദേവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1120/2023 നമ്പർ കേസിന്റെ 27.06.2023-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.വിഷ്ണു മോഹൻ ദേവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1120/2023 നമ്പർ കേസിൽ 27.06.2023 -ലെ വിധിന്യായത്തിന്റെ പ്രസക്തഭാഗം ഇപ്രകാരമായിരുന്നു "The OA is disposed of with a direction to the first respondent State of Kerala represented by the Principal Secretary,LSGD to consider and pass orders on Annexure A8 appeal petition after affording an opportunity of hearing to the applicant within a period of two months from the date of receipt of a copy of the judgment"

2) ബഹുകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനായ ശ്രീ.വിഷ്ണുമോഹൻദേവിനെയും പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ പ്രതിനിധിയെയും 24.08.2023-ൽ തദ്ദേശസ്വയംഭരണ(ERB) വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽ കേട്ടിരുന്നു.

3) ടി കേസ് സംബന്ധിച്ച വസ്തുതകളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു:-

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ശ്രീ.വിഷ്ണുമോഹൻ ദേവ് പ്രവർത്തിച്ചിരുന്ന കാലയളവിൽ കോവിഡ് മഹാമാരി നേരിടുന്നതുമായി ബന്ധപ്പെട്ട് നടത്തിയ

പ്രവർത്തനങ്ങളിൽ അഴിമതിയും ധൂർത്തും ആരോപിച്ച ശ്രീ കെ .പി ലത്തീഫ് ,കന്തിപ്പുഴ, ഈരാറ്റുപേട്ട എന്ന വ്യക്തി ഗ്രാമവികസന കമ്മീഷണർക്ക നൽകിയ പരാതിയെ തുടർന്ന് ഗ്രാമവികസന കമ്മീഷണർ അന്വേഷണം നടത്തി താഴെ കൊടുത്തിരിക്കും പ്രകാരമുള്ള ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു:

(a) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ UPS വാങ്ങിയതിൽ ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ തുക ആവശ്യപ്പെട്ട സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയായിരുന്നു. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച ബന്ധപ്പെട്ട സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നടപടികൾ കൃത്യമായി പാലിച്ച കൊണ്ടല്ല പ്രസ്തുത വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

(b) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയ സി.എഫ്.എൽ.റ്റി.സി സജ്ജീകരണവുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടത്തിയത് സംബന്ധിച്ച ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമല്ല. ഇലക്ട്രിക്ക് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും വാല്യുവേഷൻ എടുക്കുന്നതും ഡി.എൽ.റ്റി.സി മെമ്പറാണെന്നിരിക്കെ ഇലക്ട്രിക്ക് വർക്കുകൾ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയറാണ്.

(c) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ്തലസമിതികൾക്ക 120 പൾസ് ഓക്സിമീറ്റർ വാങ്ങുന്നതിന് ഉദ്ദേശിക്കുകയും 10.06.2021-ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഒന്നും രണ്ടും തീരുമാനങ്ങൾ പ്രകാരം രണ്ടുതവണയായി 80ഉം 40 ഉം എണ്ണം വീതമായി ക്വട്ടേഷൻ ക്ഷണിച്ച് ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. 80 പൾസ്ഓക്സിമീറ്റർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസാണ് ഫയലിൽ കാണുന്നത്. എന്നാൽ ലഭ്യമായ ക്വട്ടേഷനുകളിലെല്ലാം 40 പൾസ് ഓക്സിമീറ്ററിന്റെ വിലയാണ് രേഖപ്പെടുത്തിയിരുന്നത്. പ്രസ്തുത ഫയലിൽ മെഡിക്കൽ ഓഫീസറുടെ ആവശ്യകതാ സർട്ടിഫിക്കറ്റ്, ഇത്രയധികം വാങ്ങലുകൾ നടത്തുന്നതിന് സ്പെസിഫിക്കേഷൻ നിശ്ചയിച്ച നൽകിയത് ആരാണ് എന്നിവ സംബന്ധിച്ച രേഖകളും ലഭ്യമല്ല. ഒരു ലക്ഷത്തിലധികം രൂപ വരുന്ന വാങ്ങലുകൾ നടത്തുന്നതിന് ടെൻഡർ നടപടി വേണമെന്നിരിക്കെ ആയത് ഒഴിവാക്കുന്നതിന് വേണ്ടിയാണ് രണ്ടു തവണയായി വാങ്ങലുകൾ നടത്തിയിരിക്കുന്നത് എന്നും സംശയിക്കത്തക്ക നടപടിയാണ്. കൂടാതെ 03.05.2021 തീയതിയിലെ സ.ഉ (സാധാ)നം.944/2012/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന

പ്രകാരം ഹോം ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് ആവശ്യമുള്ള പക്ഷം ആശാവർക്കർമാർ മുഖേനയാണ് പൾസ്ഓക്സിമീറ്റർ ലഭ്യമാക്കേണ്ടത് എന്നിരിക്കെ പ്രസ്തുത നിർദേശവും പാലിച്ചതായി രേഖകളിൽ കാണുന്നില്ല .

(d) ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഉപയോഗത്തിന് കൈമാറിയ KL35K3068 നമ്പർ ഹ്യുണ്ടായി ക്രേറ്റ വാഹനം, ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരുന്ന യാത്രോദ്ദേശ്യത്തിൽ നിന്നും വ്യതിചലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന പദവിയിലിരുന്നുകൊണ്ട് ഹർജിക്കാരൻ ജില്ലക്ക് പുറത്തു യാത്ര ചെയ്തതായും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

3) അതിനാൽ ശ്രീ.വിഷ്ണു മോഹൻ ദേവിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ഗ്രാമവികസന കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം നടപടിക്രമം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.(Annexure A7 in the O.A) .പ്രസ്തുത നടപടിക്കെതിരെ ശ്രീ.വിഷ്ണു മോഹൻ ദേവ് പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ(Annexure A8) സമർപ്പിക്കുകയുണ്ടായി.

4) തനിക്കെതിരെ പരാതി സമർപ്പിച്ചിരിക്കുന്ന വ്യക്തിയെ തനിക്കു നേരിട്ടോ അല്ലാതെയോ ബന്ധമുള്ള ആളല്ലായെന്നും അതിനാൽ വ്യാജപരാതിയായി മാത്രമേ കണക്കാക്കുവാൻ പറ്റുകയുള്ളൂവെന്നും കോവിഡ്-19-ന്റെ പ്രത്യേക സാഹചര്യത്തിൽ പ്രവൃത്തി നിർവഹണ നടപടിക്രമങ്ങളിൽ സംഭവിച്ച പോയിട്ടുള്ള ലഘുവീഴ്ചകൾ മനഃപൂർവമോ ധനാപഹരണ താല്പര്യങ്ങളോടെയോ വരുത്തിയിട്ടുള്ളതാണെന്നു കണ്ടെത്തുവാൻ സാധിച്ചിട്ടില്ലായെന്ന ഫൈനൽ എൻക്വയറി റിപ്പോർട്ട് കണക്കാക്കാതെയാണ് ശിക്ഷണാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ തനിക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരിക്കുന്നത് എന്നും അതിനാൽ അപ്രതീക്ഷിതമായി സംഭവിച്ചുപോയ ലഘുവീഴ്ചകൾ മാപ്പാക്കി നിർദിഷ്ട അച്ചടക്ക നടപടിയിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ.വിഷ്ണുമോഹൻദേവ് ബഹു അഡീഷണൽ ചീഫ് സെക്രട്ടറിക്കു സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിൽ (Annexure A8) ബോധിപ്പിച്ചിരുന്നു തനിക്കെതിരെ ഗൗരവതരമായ കുറ്റങ്ങളൊന്നും പ്രാഥമിക അന്വേഷണത്തിലോ അന്തിമ അന്വേഷണത്തിലോ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് നിയമനത്തിനായി കേരള പി.എസ്.സി നടത്തിയ പരീക്ഷയിൽ ഒന്നാം റാങ്കുകാരനായി ജോലിയിൽ പ്രവേശിച്ച തന്നോടുള്ള വ്യക്തിവിരോധം തീർപ്പാക്കാനാണെന്നവണ്ണം തനിക്കു കഠിനശിക്ഷ നടപ്പാക്കിയതിലൂടെ അസിസ്റ്റന്റ് ഡയറക്ടർ പ്രൊമോഷനായുള്ള സെലക്ട് ലിസ്റ്റിൽ നിന്നും തന്നെ ബോധപൂർവം ഒഴിവാക്കുകയായിരുന്നു എന്നും കേവലം ഒരു വർഷം മാത്രം സർവീസ് കാലാവധി അവശേഷിക്കുന്ന തനിക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കുന്നതിന് അനുകൂല നടപടി ഉണ്ടാകണമെന്നും അപ്പീൽ അപേക്ഷയിലൂടെ ശ്രീ.വിഷ്ണുമോഹൻദേവ് അപേക്ഷിച്ചിരുന്നു.

ഓഫീസ് കെട്ടിടത്തിനുള്ളിൽ കൃത്യമായ എർത്തിങ് സംവിധാനങ്ങളുടെ അഭാവത്തിൽ അത് പരിഹരിക്കുന്നതിന് ബി.എസ്.എൻ.എൽ അധികാരികളോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നിരാകരിക്കുകയാണുണ്ടായത് എന്നും യു.പി.എസ് സംവിധാനം ഇടിമിന്നലേറ്റ് പൂർണമായും പ്രവർത്തനരഹിതമായ സാഹചര്യത്തിൽ ഒരാഴ്ചയോളം നിലനിന്നിരുന്ന ഓഫീസിന്റെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനാണ് യു.പി.എസ് വാങ്ങാനായി നിശ്ചയിച്ചത് എന്നും കോവിഡ്-19-ന്റെ സാഹചര്യത്തിൽ പത്രപരസ്യം മുഖേന ക്വട്ടേഷൻ ക്ഷണിക്കുക എന്നത് അപ്രായോഗികമായിരുന്നുവെന്നും പ്രസ്തുത വാങ്ങലിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും പ്രാദേശിക മാർക്കറ്റ്, ഓൺലൈൻ റേറ്റ് എന്നിവയിലെ വിലനിലവാരം പരിശോധിച്ച് ഉറപ്പാക്കിയിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷയിലൂടെ ഹർജിക്കാരൻ ബോധിപ്പിച്ചിരുന്നു. കൂടാതെ സി.എഫ്.എൽ.റ്റി.സി സജ്ജീകരണവുമായി ബന്ധപ്പെട്ട് 60 വയസ്സിനു മുകളിൽ പ്രായമുള്ള ഡി.എൽ.റ്റി.സി മെമ്പർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാകാതിരുന്നതിനാലാണ് ഇലക്ട്രിക്ക് ജോലികൾ തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ ചെക്ക് മെഷർ ചെയ്യുവാൻ ഇടയായത് എന്നും എന്നാൽ അസിസ്റ്റന്റ് എൻജിനീയർക്ക് അംഗീകരിക്കുവാൻ അനുമതിയുണ്ടായിരുന്ന 15,000/-രൂപയ്ക്കു പകരം 23,000/-രൂപയുടെ പ്രവർത്തിയാണ് അംഗീകരിച്ചിരിക്കുന്നത് എന്നത് ലഘുവീഴ്ചയായി കണക്കാക്കി മാപ്പാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. പൾസ്ഓക്സിമീറ്റർ വാങ്ങിയ നടപടി ക്രമത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി വിതരണം ചെയ്തതായി പത്രവാർത്തകൾ ഫയലിൽ ലഭ്യമാണെന്നും പ്രസ്തുത ഉപകരണങ്ങളുടെ ഗുണനിലവാരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പാക്കിയിട്ടുള്ളതാണെന്നും കൂടാതെ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ജി.എസ്.റ്റി 12% ആയിരുന്നുവെന്നും എന്നാൽ ബില്ല് സെറ്റിൽ ചെയ്തപ്പോൾ ജി.എസ്.റ്റി 5% ആയി കുറഞ്ഞിരുന്നുവെന്നും അതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും കോവിഡിന്റെ പ്രത്യേകസാഹചര്യത്തിൽ സിഎഫ്.എൽ.റ്റി.സി-യുടെ മുഴുവൻ ആവശ്യങ്ങൾക്കും ഔദ്യോഗികവാഹനമാണ് ഉപയോഗിച്ചിരുന്നതെന്നും എന്നാൽ ലോഗ്ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്താതെ പോയത് വീഴ്ചയായി കണക്കാക്കി ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.വിഷ്ണു മോഹൻ ദേവ് അപേക്ഷിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫൈനൽ എൻക്വയറി റിപ്പോർട്ടിന്റെയും നേർവിചാരണയുടെയും അടിസ്ഥാനത്തിലാണ് ശിക്ഷണാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ശ്രീ.വിഷ്ണു മോഹൻ ദേവിനെതിരെയുള്ള അച്ചടക്കനടപടി, കഠിനശിക്ഷയായ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതപ്രാബല്യത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരിക്കുന്നത് എന്നതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ്.

6) കോവിഡ്-19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഹർജിക്കാരനായ ശ്രീ.വിഷ്ണുമോഹൻദേവ് ഏർപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം തന്നെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി വ്യക്തമായ തീരുമാനങ്ങൾ എടുത്തിട്ടുള്ളതായും സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിൽ കണ്ടെത്തിയ വീഴ്ചകൾ മനഃപൂർവമോ ധനാപഹരണ താല്പര്യങ്ങളോടെയോ വരുത്തിയതാണെന്നു കണ്ടെത്തുവാൻ കഴിയുകയില്ലെന്നും അന്തിമ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലോ അന്തിമ അന്വേഷണ

റിപ്പോർട്ടിലോ ശ്രീ.വിഷ്ണുമോഹൻദേവിന് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമത്തിലോ ടിയാൻ ഏർപ്പെട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായതായി പരാമർശിച്ചിട്ടില്ല. എന്നാൽ ടിയാനെതിരെ കണ്ടെത്തിയ ക്രമക്കേടുകൾക്ക് കോവിഡിന്റെ പ്രത്യേക സാഹചര്യമാണ് കാരണം എന്ന ഹർജിക്കാരന്റെ വാദം തീർത്തും അംഗീകരിക്കാവുന്നതല്ല. ടിയാൻ ഏർപ്പെട്ട നടത്തിയ പ്രവർത്തനങ്ങളിൽ സർക്കാർ നിർദേശം പൂർണമായി പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നത് ഹർജിക്കാരൻ തന്റെ അപ്പീൽ അപേക്ഷയിൽ ഉടനീളം സമ്മതിക്കുന്നുമുണ്ട്. എന്നാൽ ഒരു വർഷ സർവീസ് കാലയളവ് മാത്രം അവശേഷിക്കുന്ന തനിക്ക് അർഹമായ പ്രൊമോഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ഹർജിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ടിയാന്റെ പ്രവർത്തനങ്ങൾ മൂലം സർക്കാരിന് സാമ്പത്തികനഷ്ടമുണ്ടായതായി അന്വേഷണ റിപ്പോർട്ടുകളിലൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമത്തിലെ "ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതപ്രാബല്യത്തോടെ തടഞ്ഞുകൊണ്ട്" എന്നത് "ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട്"എന്ന് ഭേദഗതി വരുത്തി അപ്പീൽ അപേക്ഷ (Annexure 8) തീർപ്പാക്കുകയും ഇപ്രകാരം ഒ.എ.1120/2023 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA.R.S.

ജോയിന്റ് സെക്രട്ടറി

ശ്രീ.വിഷ്ണുമോഹൻദേവ്, സീനിയർ ഗ്രേഡ് ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മീഷണർ & ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്, മണ്ണാറശാല പി.ഒ, ആലപ്പുഴ-690 514
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

Signed by
ഉത്തരവിൻ പ്രകാരം
Prasanth C
Date: 16-10-2023 11:33:19

സെക്ഷൻ ഓഫീസർ